കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത് - കുരിയോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിലേയ്ക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.2376/13/തസ്വഭവ തിരുവനന്തപുരം, തീയതി: 25.09.2013.

പരാമർശം: 1. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.05.2013-ലെ എ 13-1366/2013 നമ്പർ കത്ത്.

2. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2013-ലെ എ 13-1366/2013 നമ്പർ കത്ത്.

2. 04.09.2013-ലെ 3.7-)o നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കുരിയോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിലേയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു ബൊലേറോ പിക്ക്അപ്പ് വാഹനം വാങ്ങുന്നതിനും അനുബന്ധ ചെലവുകൾ ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു. വാഹനം വാങ്ങുന്നതിന് 8,00,000/- (എട്ട് ലക്ഷം) രൂപയാണ് പ്രോജക്റ്റിൽ വക കൊള്ളിച്ചിട്ടുള്ളതെന്നും നിലവിൽ ദിവസവേതന ഡ്രൈവറുടെ സേവനമാണ് ഫാമിൽ ഉപയോഗപ്പെടുത്തുന്നതെന്നും ആയത് തുടരുമെന്നും ഫാമിന്റെ തനതു ഫണ്ടിൽ നിന്നും ഡ്രൈവർക്കുള്ള വേതനം കണ്ടെത്താമെന്നും പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കുരിയോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിലേയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ ചെലവഴിച്ച് ഡ്രൈവറുടെ വേതനം, വാഹനത്തിന്റെ മറ്റ് ആവർത്തന/തുടർ ചെലവുകൾ ഫാമിന്റെ തനതു ഫണ്ടിൽ നിന്നും വഹിക്കണമെന്ന വ്യവസ്ഥയിൽ ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല

ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം